# വിശുദ്ധ
# കുര്യാക്കോസ്
# ഏലിയാസ് ചാവറ



# നവനാൾ ജപങ്ങൾ

Novena Prayers to St. Kuriakose Elias Chavara
(Malayalam)

*Nihil Obstat*: **Rev. Dr. George Thanchan CMI**
Gen. Councillor for Evangelization
and Pastoral Ministry

*Imprimi Potest*: **Rev. Dr. Paul Achandy CMI**
Prior General

*Imprimatur*: **✠ George Cardinal Alencherry**
Major Archbishop of
Syro Malabar Church

03-01-2015

*Published by :* Prior General's House
Chavara Hills
Kakkanad, Kochi – 682 030
Kerala, India

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ജീവിതചരിത്ര സംഗ്രഹം | 6 |
| 2. | നൊവേന ആരംഭഗാനം | 9 |
| 3. | പ്രാരംഭപ്രാർത്ഥന | 10 |
| 4. | ഒന്നാം ദിവസം | 12 |
| 5. | രണ്ടാം ദിവസം | 13 |
| 6. | മൂന്നാം ദിവസം | 14 |
| 7. | നാലാം ദിവസം | 15 |
| 8. | അഞ്ചാം ദിവസം | 16 |
| 9. | ആറാം ദിവസം | 17 |
| 10. | ഏഴാം ദിവസം | 18 |
| 11. | എട്ടാം ദിവസം | 19 |
| 12. | ഒമ്പതാം ദിവസം | 20 |
| 13. | കാറോസൂസ | 21 |
| 14. | ലുത്തിനിയാ | 25 |
| 15. | സമാപന പ്രാർത്ഥന | 30 |
| 16. | സമാപന ആശീർവ്വാദം | 31 |
| 17. | സമാപനഗാനം | 32 |
| 18. | കുടുംബഭദ്രതയ്ക്ക് വേണ്ടി വിശുദ്ധ ചാവറയച്ചന്റെ പ്രവാചക വചനങ്ങൾ | 33 |
| 19. | മാദ്ധ്യസ്ഥ്യ പ്രാർത്ഥന | 37 |
| 20. | കുടുംബങ്ങൾക്കുവേണ്ടി പ്രാർത്ഥന | 38 |
| 21. | പഠന വിജയത്തിനുവേണ്ടി വിദ്യാർത്ഥികളുടെ പ്രാർത്ഥന | 39 |

**GEORGE CARDINAL ALENCHERRY**

*Major Archbishop of the Syro-Malabar Church*

Prot.No. 2097/2014

24 December 2014

# *IMPRIMATUR*

Having gone through the Novena prayers submitted to me by Very Rev. Fr. Paul Achandy, the Prior General of the CMI for my *Imprimatur* and having found them free from theological and doctrinal errors and worthy to be recommended for the use of our faithful everywhere publicly and privately,

I, George Cardinal Alencherry, the Major Archbishop of the Syro- Malabar Church, hereby grant my *Imprimatur* to the Novena prayers seeking intercession of St. Kuriakose Elias Chavara.

Given from the Major Archiepiscopal Curia of the Syro- Malabar Church at Mount St.Thomas, Kakkanad, on 24 December 2014.

**George Cardinal Alencherry**

Major Archbishop of the Syro-Malabar Church

## വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറപിതാവിന്റെ ലഘു ജീവചരിത്രം

വിശുദ്ധ കുര്യാക്കോസ് ഏലിയാസ് ചാവറ 1805 ഫെബ്രുവരി 10-ാം തീയതി ആലപ്പുഴയിൽ കൈനകരി എന്ന ഗ്രാമത്തിൽ ചാവറ കുടുംബത്തിൽ ജനിച്ചു. 1815 ൽ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ചേർത്തലയിൽ പള്ളിപ്പുറം സെന്റ് മേരീസ് പള്ളിയോടനുബന്ധിച്ചുണ്ടായിരുന്ന സെമിനാരിയിൽ പാലയ്ക്കൽ തോമാമല്പാന്റെ കീഴിൽ വൈദികനാകുവാൻ പഠിച്ചു. 1827 ൽ സബ് ഡയക്കനേറ്റും, 1828 ൽ ഡീക്കൻപട്ടവും സ്വീകരിച്ചു. 1829 നവംബർ 29-ാം തീയതി അർത്തുങ്കൽ സെന്റ് ആൻഡ്രൂസ് ദേവാലയത്തിൽവച്ച് പൗരോഹിത്യം സ്വീകരിച്ചു.

ശിശുപ്രായത്തിൽ ചാവറയച്ചന്റെ അമ്മ ഈശോ എന്ന നാമം ചൊല്ലിക്കൊടുത്ത് വളർത്തിയതിനാൽ ഈശോയ്ക്കുവേണ്ടി അർപ്പണ മനോഭാവത്തോടെ ജീവിക്കണമെന്ന ആഗ്രഹം മനസ്സിൽ നിറഞ്ഞിരുന്നു. വൈദികനായ ശേഷം 1831 ൽ പാലയ്ക്കൽ തോമാമല്പാനോടും പോരൂക്കര തോമാമല്പാനോടും കൂടി കുര്യാക്കോസ് ഏലിയാസച്ചൻ മാന്നാനം കുന്നിൽ ഒരു ആത്മീയ ഭവനത്തിന് അടിസ്ഥാനമിട്ടു. കണിയാന്തറ യാക്കോബ് സഹോദരനും ഇവരോടൊപ്പം ചേർന്നു. എല്ലാറ്റിൽ നിന്നും ഒതുങ്ങി പാർക്കണമെന്നായിരുന്നു അവരുടെ ആഗ്രഹം. ഈ ഭവനത്തിന് ബേസ്റൗമാ (ഉയരത്തിലെ വീട്) എന്നായിരുന്നു പേര് നൽകിയിരുന്നത്. അത് വളർന്ന് അമലോത്ഭവദാസസംഘം എന്ന പേരിൽ ഒരു വൈദികസമൂഹം മാന്നാനം കുന്നിൽ രൂപപ്പെട്ടു. ഭാരതത്തിലെ ആദ്യ ഏതദ്ദേശീയ സന്യാസസഭയായ സി.എം.ഐ. അങ്ങനെ ആരംഭിച്ചു. 1841 ൽ പാലയ്ക്കൽ തോമാമല്പാൻ മരണമടഞ്ഞു. 1846 ൽ പോരൂക്കര തോമാമല്പാനും മരണമടഞ്ഞതോടെ സഭയുടെ ഉത്തരവാദിത്വം മുഴുവനും മരണം വരെയും കുര്യാക്കോസ് ഏലിയാസ് പിതാവിൽ നിക്ഷിപ്തമായി. സഭയെ പിടിച്ചുലച്ച റോക്കോസ് ശീശ്മയിൽ നിന്ന് സഭയെ സംരക്ഷിക്കുന്നതിനായി കുര്യാക്കോസ് ഏലിയാസ് പിതാവിനെ മെത്രാപ്പോലീത്ത വികാരി ജനറാളായി നിയമി

ച്ചു. 1831 മുതൽ മാന്നാനത്ത് പ്രവർത്തിച്ച കുര്യാക്കോസ് ഏലിയാസ് പിതാവ് വിദ്യാഭ്യാസപുരോഗതിയ്ക്കായി മാന്നാനത്ത് സംസ്കൃതസ്കൂൾ ആരംഭിക്കുകയും മരപ്രസ്സ് സ്ഥാപിക്കുകയും ചെയ്തു. ആരാധനക്രമം പരിഷ്ക്കരിക്കുകയും പള്ളികളിൽ ഞായറാഴ്ച പ്രസംഗങ്ങളും ജനങ്ങളുടെ ആദ്ധ്യാത്മികാഭിവൃദ്ധിയ്ക്കായി ധ്യാനങ്ങളും ക്രമീകരിക്കുകയും ചെയ്ത ചാവറപിതാവ് ജീവിതത്തിന്റെ അവസാന ഏഴ് വർഷക്കാലം കൂനമ്മാവിലായിരുന്നു ചെലവഴിച്ചത്. 1866 ൽ ഭാരതത്തിലെ ആദ്യ ഏതദ്ദേശീയ സന്യാസിനീ സഭയായ സി.എം.സി. ക്ക് രൂപം നൽകി. 1871 ൽ കൂനമ്മാവിൽ ഭാഗ്യമരണം പ്രാപിച്ച കുര്യാക്കോസ് ഏലിയാസ് പിതാവിനെ കൂനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തിൽ സംസ്ക്കരിച്ചു. പിന്നീട് 1889 മെയ്മാസം 24-ാം തിയതി ചാവറപിതാവിന്റെ ഭൗതികാവശിഷ്ടങ്ങൾ കൂനമ്മാവിൽ നിന്നും സി.എം.ഐ. സഭയുടെ മാതൃഭവനമായ മാന്നാനം ആശ്രമദേവാലത്തിലേക്ക് മാറ്റി സ്ഥാപിച്ചു. ജീവിതകാലത്തുതന്നെ വിശുദ്ധിയുടെ നിറകുടമായിരുന്ന ചാവറപിതാവ് മരണശേഷം അനേകർക്ക് ആശ്രയകേന്ദ്രമായി. തന്റെ മദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നവർക്ക് അനുഗ്രഹങ്ങൾ നൽകിയ ചാവറപിതാവിന്റെ കീർത്തി നാട്ടിലെങ്ങും പരന്നു. വിശുദ്ധ അൽഫോൻസാമ്മ രോഗിണിയായിരുന്നപ്പോൾ ചാവറപിതാവിന്റെ മദ്ധ്യസ്ഥം യാചിക്കുകയും അതിന്റെ ഫലമായി ചാവറപിതാവ് അൽഫോൻസാമ്മയ്ക്ക് രോഗശാന്തി നൽകിയതായും വിശുദ്ധ അൽഫോൻസാമ്മ തന്നെ സ്വന്തം കൈപ്പടയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചാവറപിതാവിന്റെ നാമകരണ നടപടികൾ 1956 ൽ ആരംഭിച്ചു. 1986 ൽ കോട്ടയത്തുവച്ച് പരിശുദ്ധപിതാവ് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ചാവറപിതാവിനെ വാഴ്ത്തപ്പെട്ടവനെന്ന പദവിയിലേയ്ക്കുയർത്തി. 2014 നവംബർ 23 ന് റോമിൽവച്ച് കുര്യാക്കോസ് ഏലിയാസ് ചാവറപിതാവിനെ വിശുദ്ധനെന്ന് പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ നാമകരണം ചെയ്തു. മാന്നാനം സെന്റ് ജോസഫ്സ് ആശ്രമദേവാലയത്തിൽ അൾത്താരയുടെ മുന്നിൽ കുര്യാക്കോസ് ഏലിയാസ് ചാവറപിതാവിന്റെ കബറിടം സ്ഥിതിചെയ്യുന്നു.

# ആരംഭഗാനം

(എല്ലാവരും എഴുന്നേറ്റ് നില്ക്കുന്നു. നൊവേന യുടെ ആരംഭത്തിൽ ഈ ഗാനം ആലപിക്കുന്നു)
(അദ്ധ്വാനിക്കുന്നവർക്കും എ. രീ.)

കർമ്മല ചൈതന്യത്തിൻ
നിർമ്മല ദർപ്പണമേ
കുര്യാക്കോസ് ധന്യാത്മാവേ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ,

ജീവിതവീഥികളിൽ
പാപമകറ്റീടുവാൻ
ആത്മാവിനാനന്ദവും
രക്ഷയും നേടീടുവാൻ
കർമ്മെല...............

രോഗവും പീഡകളും
ശാന്തമായ് സ്വീകരിക്കാൻ
ആശ്രയമെന്നുമെന്നും
ദൈവത്തിലർപ്പിക്കുവാൻ
കർമ്മെല.................

# പ്രാരംഭ പ്രാർത്ഥന

(നൊവേനയുടെ ആരംഭത്തിൽ വൈദികൻ ഈ പ്രാർത്ഥന ചൊല്ലുന്നു.)

അനുഗ്രഹസമ്പന്നനും കാരുണ്യവാനുമായ ദൈവമേ, വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെ ഞങ്ങൾക്ക് സ്വർഗ്ഗീയമദ്ധ്യസ്ഥനായി നൽകിയതിനെയോർത്ത് ഞങ്ങൾ നന്ദി പറയുന്നു. അദ്ദേഹം വഴി അങ്ങ് ഞങ്ങൾക്ക് നല്കിക്കൊിരിക്കുന്ന അനുഗ്രഹങ്ങൾക്ക് ഞങ്ങൾ കൃതജ്ഞത അർപ്പിക്കുന്നു. അങ്ങയെ ഞങ്ങൾ മുഴുഹൃദയത്തോടെ സ്നേഹിക്കുന്നു. ഞങ്ങളുടെ പാപങ്ങളെക്കുറിച്ച് മനസ്തപിച്ച് പൊറുതിയപേക്ഷിക്കുന്നു. ഇനിയൊരിക്കലും പാപം ചെയ്യാതിരിക്കാൻ ഞങ്ങളെ സഹായിക്കണമേ. അദ്ദേഹം വഴി ഞങ്ങൾ അർപ്പിക്കുന്ന ഈ പ്രാർത്ഥന കാരുണ്യപൂർവ്വം സ്വീകരിക്കണമേ.

ദൈവമേ, അങ്ങേ സന്നിധിയിൽ ഹൃദയവിശുദ്ധിയോടെ അങ്ങയെ തേടുന്ന എല്ലാവരെയും, അങ്ങ് പരിപാലിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. അസാധാരണ ഭക്തിയും,

വിശ്വാസവും, സ്നേഹവും, അനുസരണയും, ദൈവീകജ്ഞാനവും ധ്യാനവരങ്ങളും നിറഞ്ഞ ജീവിതം നയിച്ച വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെ ഞങ്ങളുടെ പ്രത്യേക മദ്ധ്യസ്ഥനായി ഞങ്ങൾ സ്വീകരിക്കുന്നു. ഞങ്ങളുടെ തകർച്ചകളിലും, ആപത്തുകളിലും, നിരാശയിലും, രോഗത്തിലും ദു:ഖത്തിലും, വിഷമഘട്ടങ്ങളിലും, ആവശ്യങ്ങളിലും വിശുദ്ധ കുര്യാക്കോസ് ഏലിയാസിന്റെ മാദ്ധ്യസ്ഥത്താൽ അനുഗൃഹീതരാകുവാൻ കൃപ ചെയ്യണമേ.

**(പ്രസംഗം, അനുഗ്രഹങ്ങളും അപേക്ഷകളും അറിയിക്കുന്നു).**

**(തുടർന്ന് എല്ലാവരും മുട്ടുകുത്തുന്നു)**

# നൊവേന ഒന്നാം ദിവസം

വിശുദ്ധ കുര്യാക്കോസ് ഏലിയാസേ, മരണംവരെയും വിശുദ്ധിയിൽ ജിവിച്ച അങ്ങയുടെ മാതൃക സ്വീകരിച്ച്, വിശുദ്ധമായ ജീവിതം നയിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. ജീവിത ക്ലേശങ്ങളിൽ ദൈവഹിതം മനസ്സിലാക്കി അവിടുത്തെ മഹത്വപ്പെടുത്തിക്കൊണ്ട് പ്രത്യാശയോടെ ജീവിതം മുന്നോട്ട് നയിക്കുവാനുള്ള കൃപ ഞങ്ങൾക്ക് ലഭിക്കാനായി പ്രാർത്ഥിക്കണമേ. ബാല്യം മുതൽ ഹൃദയശുദ്ധിയോടെ ജീവിച്ചതിനാൽ ദൈവികജ്ഞാനവും ധ്യാനവരങ്ങളും ലഭിക്കുകയും, മരണം വരെയും മാമ്മോദീസായിൽ ലഭിച്ച വരപ്രസാദത്തോടെ ജീവിക്കുകയും ചെയ്ത പുണ്യപിതാവേ, അങ്ങേ മക്കളായ ഞങ്ങളും വിശുദ്ധമായ ഒരു ഹൃദയത്തോടെ ജീവിക്കുവാൻ ഞങ്ങൾക്ക് വേണ്ടി അപേക്ഷിക്കണമേ. അങ്ങയുടെ മദ്ധ്യസ്ഥതയിൽ ആശ്രയിച്ച് ഞങ്ങൾ അപേക്ഷിക്കുന്ന ഈ അനുഗ്രഹം..... കാരുണ്യവാനായ ദൈവത്തിൽ നിന്ന് വാങ്ങിത്തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

# നൊവേന രണ്ടാം ദിവസം

വിശുദ്ധ കുര്യാക്കോസ് ഏലിയാസേ, അനുദിന ജീവിതത്തിലെ ക്ലേശങ്ങളെ പ്രാർത്ഥനയുടെ ശക്തിയാൽ അതിജീവിക്കുവാൻ അങ്ങ് ഞങ്ങളെ പഠിപ്പിച്ചുവല്ലോ. സാമ്പത്തിക പ്രതിസന്ധികളുണ്ടാകുമ്പോഴും, ജീവിതാന്തസ്സു തിരഞ്ഞെടുക്കുന്നതിൽ കാലതാമസം വരുമ്പോഴും, ജോലി സാദ്ധ്യതകൾ കണ്ടെത്താൻ വൈകുമ്പോഴും, തളരാതെ ദൈവത്തിലാശ്രയിച്ച് മുന്നേറുവാനുള്ള കൃപ ഞങ്ങൾക്ക് ലഭിക്കാനായി പ്രാർത്ഥിക്കണമേ. ദൈവതിരുമനസ്സിന് കീഴ്വഴങ്ങി ഉത്തമ ക്രിസ്തീയ മാതൃകകളായി ജീവിക്കുവാനുള്ള കൃപാവരത്തോടൊപ്പം അങ്ങയുടെ മദ്ധ്യസ്ഥതയിൽ ആശ്രയിച്ച് അങ്ങേ സന്നിധിയിൽ ഞങ്ങൾ യാചിക്കുന്ന ഈ അനുഗ്രഹങ്ങൾ........ കാരുണ്യവാനായ ദൈവത്തിൽ നിന്നു വാങ്ങിത്തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

# നൊവേന മൂന്നാം ദിവസം

വിശുദ്ധ കുര്യാക്കോസ് ഏലിയാസേ, കുടുംബത്തിൽ ആത്മീയത നിലനിർത്താൻ സഹായിക്കുന്ന ദിവ്യഔഷധമാണ് വിശുദ്ധ കുർബാന എന്ന് അനുഭവത്തിലൂടെ അങ്ങ് ഞങ്ങളെ പഠിപ്പിച്ചു. വിശുദ്ധ കുർബാന ഞങ്ങളുടെ ജീവിതത്തിലും ഒരനുഭവമാക്കി മാറ്റാനും വിശുദ്ധ കുർബാനയിലുള്ള ഈശോയുടെ ദിവ്യസാന്നിദ്ധ്യം മനസ്സിലാക്കി വിശ്വാസത്തോടെ അവിടുത്തെ സമീപിക്കാനും ഞങ്ങൾ പ്രാപ്തരാകാൻവേണ്ടി ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. അങ്ങയുടെ മദ്ധ്യസ്ഥതയിൽ ആശ്രയിച്ചുകൊണ്ട് അങ്ങേ സന്നിധിയണഞ്ഞിരിക്കുന്ന ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന ഈ അനുഗ്രഹങ്ങൾ........ കാരുണ്യവാനായ ദൈവത്തിൽനിന്ന് വാങ്ങിത്തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

# നൊവേന നാലാം ദിവസം

ഓരോ ക്രിസ്തീയകുടുംബവും തിരുക്കുടുംബമാതൃകയിൽ ആയിരിക്കണമെന്ന് ആഗ്രഹിച്ച് അതിനാവശ്യമായ ജീവിതക്രമങ്ങൾ ഞങ്ങളെ പഠിപ്പിച്ച വിശുദ്ധ കുര്യാക്കോസ് ഏലിയാസേ, ഞങ്ങളുടെ കുടുംബങ്ങളിൽ സമാധാനവും ഐശ്വര്യവും ഐക്യവും സംജാതമാകാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. ഞങ്ങളുടെ മക്കൾ വിശുദ്ധിയിലും വിജ്ഞാനത്തിലും വളർന്നുവരുവാൻ സഹായിക്കണമേ. കുടുംബങ്ങളുടെ മദ്ധ്യസ്ഥനായ ചാവറയച്ചാ, ക്രിസ്തീയ ചൈതന്യത്തിൽ വളരുവാനും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാനും ഞങ്ങളെ സഹായിക്കണമേ. ഞങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങളിൽ ഇടപെടണമേ. ചാവറയച്ചാ, അങ്ങയുടെ മദ്ധ്യസ്ഥതയിൽ ആശ്രയിച്ചുകൊണ്ട് ഞങ്ങൾ യാചിക്കുന്ന ഈ അനുഗ്രഹങ്ങൾ......... കാരുണ്യവാനായ ദൈവത്തിൽ നിന്നു വാങ്ങിത്തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

# നൊവേന അഞ്ചാം ദിവസം

മനുഷ്യമനസ്സിന്റെ ശക്തിയും വൈശിഷ്ട്യവും അടങ്ങിയിരിക്കുന്നത് വിവേകവും ക്ഷമയും കരുണയും പ്രദർശിപ്പിക്കുന്നതിലാണെന്നു ഞങ്ങളെ ഉദ്ബോധിപ്പിച്ച വിശുദ്ധ കുര്യാക്കോസ് ഏലിയാസേ, ശത്രുക്കളെ സ്നേഹിക്കുവാനും നന്മ ചെയ്ത് ജീവിക്കുവാനുമുള്ള കൃപാവരം ലഭിക്കാൻ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. ക്ഷമയും സഹനവും ജീവിതമാതൃകയാക്കിയ അങ്ങയുടെ മദ്ധ്യസ്ഥതയിൽ ആശ്രയിക്കുന്ന ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന ഈ അനുഗ്രഹം.......... കാരുണ്യവാനായ ദൈവത്തിൽ നിന്നു വാങ്ങിത്തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

# നൊവേന ആറാം ദിവസം

തിരുസഭാമാതാവിന്റെ അരുമസന്താനവും തിരുസഭയുടെ വളർച്ചയ്ക്കായി അക്ഷീണം യത്നിച്ച വിശുദ്ധനുമായ കുര്യാക്കോസ് ഏലിയാസേ, തിരുസഭയുടെ ഉത്തമ സന്താനങ്ങളായി ജീവിക്കുന്നതിന് ഞങ്ങളെ സഹായിക്കണമേ. സഭയോടൊത്ത് ചിന്തിക്കുവാനും വിശ്വാസത്തിൽ അചഞ്ചലമായി വളരുവാനും പുണ്യജീവിതത്തിൽ നിലനിൽക്കുവാനും ആവശ്യമായ വരങ്ങളും ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന ഈ അനുഗ്രഹവും.......... കാരുണ്യവാനായ ദൈവത്തിൽ നിന്നു വാങ്ങിത്തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

# നൊവേന ഏഴാം ദിവസം

ആത്മാക്കളുടെ രക്ഷയ്ക്കായി അക്ഷീണം യത്നിച്ച വിശുദ്ധ കുര്യാക്കോസ് ഏലിയാസേ, ആത്മീയ കാര്യങ്ങളിൽ തല്പരരാകുവാനും സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കി ജീവിക്കുവാനുമുള്ള കൃപാവരം ഞങ്ങൾക്ക് ലഭിക്കാനായി പ്രാർത്ഥിക്കണമേ. രോഗികളെ ആശ്വസിപ്പിക്കുകയും അവരെ ശുശ്രൂഷിക്കുകയും ചെയ്തുകൊണ്ടും മറ്റുള്ളവർക്ക് നന്മചെയ്തുകൊണ്ടും ദൈവേഷ്ടപ്രസാദത്തിൽ ജീവിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ മദ്ധ്യസ്ഥതയിൽ ആശ്രയിക്കുന്ന ഞങ്ങൾക്ക് ആവശ്യമായിരിക്കുന്ന ഈ അനുഗ്രഹം.......... കാരുണ്യവാനായ ദൈവത്തിൽ നിന്നു വാങ്ങിത്തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

# നൊവേന എട്ടാം ദിവസം

"അനുസരണം ബലിയേക്കാൾ ശ്രേഷ്ഠമെന്ന്" അരുളിച്ചെയ്ത ലോകരക്ഷകന്റെ മാതൃക പിൻതുടർന്ന് ജീവിതാവസാനം വരെ ദൈവതിരുമനസ്സിനും അധികാരികളുടെ നിർദ്ദേശങ്ങൾക്കും അനുസരണമുള്ളവനായിരുന്ന വിശുദ്ധ കുര്യാക്കോസ് ഏലിയാസേ, ഞങ്ങൾ അനുസരണമെന്ന പുണ്യത്തിൽ അനുദിനം അഭിവൃദ്ധിപ്പെടുവാനും തിരുസഭയുടെ പഠനങ്ങൾക്ക് വിധേയപ്പെടുവാനും എപ്പോഴും ദൈവതിരുമനസ്സ് അന്വേഷിക്കുവാനും ഞങ്ങളെ സഹായിക്കണമേ. അങ്ങയുടെ മദ്ധ്യസ്ഥതയാൽ ഇപ്പോൾ ഞങ്ങൾക്കേറ്റം അത്യാവശ്യമായിരിക്കുന്ന ഈ അനുഗ്രഹം.......... കാരുണ്യവാനായ ദൈവത്തിൽ നിന്നു വാങ്ങിത്തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

# നൊവേന ഒൻപതാം ദിവസം

വിശുദ്ധ കുര്യാക്കോസ് ഏലിയാസേ, പാപത്തിൽ നിന്ന്, തങ്ങളെയും മറ്റുള്ളവരെയും രക്ഷിക്കുന്നതിനും പുണ്യ പ്രവൃത്തികൾ ചെയ്യുന്നതിനും അവ ചെയ്യാൻ മറ്റുള്ളവരെ പ്രാപ്തരാക്കുന്നതിനുംവേണ്ടിയാണ് സന്യസ്തരും വൈദികരും വിളിക്കപ്പെട്ടിരിക്കുന്നതെന്ന് അങ്ങ് പഠിപ്പിച്ചുവല്ലോ. സ്വയവിശുദ്ധീകരണവും ആത്മാക്കളുടെ രക്ഷയും ലക്ഷ്യം വെച്ചുകൊണ്ടു ജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമെ. തിരുസഭാ ശുശ്രൂഷയ്ക്കായി ദൈവവിളികളെ പ്രോത്സാഹിപ്പിക്കുവാനും മറ്റുള്ളവർക്ക് എന്നും നന്മ ചെയ്തു ജീവിക്കുവാനുമുള്ള കൃപാവരവും ഇപ്പോൾ ആവശ്യമായ ഈ പ്രത്യേക അനുഗ്രഹവും.......... കാരുണ്യവാനായ ദൈവത്തിൽ നിന്നു വാങ്ങിത്തരണമെന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രി.

# കാറോസൂസ

**കാർമ്മി:** നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രതീക്ഷയോടുംകൂടെ കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** മാമോദീസായിൽ ലഭിച്ച വരപ്രസാദം കാത്തുസൂക്ഷിച്ച് മരണം വരെ വിശുദ്ധമായി ജീവിച്ച ചാവറയച്ചനെപ്പോലെ പ്രസാദവരത്തിൽ ജീവിക്കുവാൻ അനുഗ്രഹിക്കണമെന്ന് കർത്താവേ അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** പ്രാർത്ഥനയിലൂടെ ആദ്ധ്യാത്മികജീവിതം വളർത്തിയെടുത്ത ചാവറയച്ചനെ അനുകരിച്ച് ദൈവസ്നേഹത്തിലും പ്രാർത്ഥനയിലും വളർന്നുവരുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** പരിശുദ്ധ കുർബാനയുടെ പ്രേഷിതനായ ചാവറയച്ചനെപ്പോലെ ദിവ്യകാരുണ്യ ഭക്തിയിൽ വളരുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ചാവറയച്ചനെപ്പോലെ തിരുക്കുടുംബഭക്തിയിലും കുടുംബ ഐക്യത്തിലും ജീവിക്കുവാൻ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ദൈവസ്നേഹത്തിൽ വളരുവാനും പരസ്നേഹത്താൽ സുകൃത ജീവിതം നയിക്കുവാനും ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** തിരുസഭയുടെ മഹത്വത്തിനായി പ്രയത്നിച്ച ചാവറയച്ചനെപ്പോലെ സത്യസഭയോടൊത്തു ചിന്തിക്കുവാനും സഭാമക്കളായി ജീവിക്കുവാനും അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** പ്രതിസന്ധികളിൽ സഭയോടു ചേർന്നുനിന്ന് അവളെ ശക്തിപ്പെടുത്തിയ ചാവറയച്ചനെപ്പോലെ സഭയുടെ വിഷമഘട്ടങ്ങളിൽ അവൾക്കു ശക്തിപകരാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** അധികാരികൾക്ക് കീഴ്വഴങ്ങി ഒരു സന്യാസിയായി ജീവിച്ച ചാവറയച്ചനെപ്പോലെ വിധേയത്വമനോഭാവത്തോടെ ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** "ഒരു നന്മയെങ്കിലും ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ കണക്കിൽപെടുത്തുകയില്ലെന്ന്" ഞങ്ങളെ ഉപദേശിച്ച വിശുദ്ധ കുര്യാക്കോസ് ഏലിയാസിനെപ്പോലെ നന്മചെയ്യാത്ത ദിവസം ഞങ്ങളുടെ ജീവിതത്തിലും ഉണ്ടാകാതിരിക്കുവാൻ അനുഗ്രഹിക്കണമേ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** ഞങ്ങളുടെ കുടുംബങ്ങളിൽ നിന്ന് ധാരാളം ദൈവവിളികൾ ഉണ്ടാകുവാനും വിളിക്കപ്പെട്ടവരെ തിരുസഭയുടെ സേവനത്തിന് ഒരുക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെയെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**സമൂ:** കർത്താവേ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

**കാർമ്മി:** മൗനമായി നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനാ നിയോഗങ്ങൾ നമുക്ക് ഇപ്പോൾ സമർപ്പിക്കാം. (നിശ്ശബ്ദ പ്രാർത്ഥന)

(എല്ലാവരും എഴുന്നേറ്റ് നിൽക്കുന്നു, തുടർന്ന് ലുത്തിനിയ അല്ലെങ്കിൽ ഗാനം)

# ലുത്തിനിയ

കർത്താവേ അനുഗ്രഹിക്കണമേ

മിശിഹായേ അനുഗ്രഹിക്കണമേ

കർത്താവേ അനുഗ്രഹിക്കണമേ

മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന
കേൾക്കണമേ

മിശിഹായേ ഞങ്ങളുടെ പ്രാർത്ഥന
കൈക്കൊള്ളണമേ

സ്വർഗ്ഗസ്ഥനായ പിതാവായ ദൈവമേ

ഭൂലോകരക്ഷകനായ പുത്രനായ ദൈവമേ

പരിശുദ്ധാത്മാവായ ദൈവമേ

ഏകദൈവമായ പരിശുദ്ധ ത്രിത്വമേ

ദൈവമാതാവായ പരിശുദ്ധ മറിയമേ

കർമ്മലസഭയുടെ അലങ്കാരമായ മാതാവേ

കർമ്മലസഭയുടെ പ്രത്യേകസംരക്ഷക
നായ മാർ യൗസേപ്പേ

ഭാരതത്തിന്റെ അപ്പസ്തോലനായ മാർ
തോമാശ്ലീഹായേ

ആത്മീയ ജീവിതത്തിന് ഉത്തമ മാതൃകയായ
വിശുദ്ധ കുര്യാക്കോസ് ഏലിയാസേ

ദൈവാത്മപ്രീതിക്ക് പാത്രീഭൂതനേ
വിശുദ്ധ കുർബാനയുടെ പ്രേഷിതനേ
തിരുക്കുടുംബത്തിന്റെ ഭക്തനായ
പുണ്യാത്മാവേ
കർമ്മലനാഥയുടെ വത്സലപുത്രാ
അനുസരണത്തിന്റെ ഉത്തമമാതൃകയേ
എളിമയുടെയും ത്യാഗത്തിന്റെയും
സന്മാതൃകയേ
ഉപവിയിലും ശത്രുസ്നേഹത്തിലും
പ്രശോഭിച്ച ധന്യാത്മാവേ
അഗതികളുടെയും പീഡിതരുടെയും
ആലംബമേ
ഉത്തമനായ ആത്മപാലകാ
തിരുസഭയ്ക്ക് നവജീവൻ നൽകുവാൻ
തിരഞ്ഞെടുക്കപ്പെട്ട വിശിഷ്ട പാത്രമേ
സന്ന്യാസ ചൈതന്യത്തിന്റെ സവിശേഷ
സ്രോതസ്സേ
സഭയുടെ ഐക്യത്തിനുവേണ്ടി അക്ഷീണം
യത്നിച്ച ധീരാത്മാവേ
ഭൂലോകപാപങ്ങളെ നീക്കുന്ന
ദിവ്യകുഞ്ഞാടേ

കർത്താവേ ഞങ്ങളുടെ പാപങ്ങൾ
പൊറുക്കേണമേ

ഭൂലോകപാപങ്ങളെ നീക്കുന്ന
ദിവ്യകുഞ്ഞാടേ

കർത്താവേ ഞങ്ങളുടെ പ്രാർത്ഥന
കേൾക്കേണമേ

ഭൂലോകപാപങ്ങളെ നീക്കുന്ന
ദിവ്യകുഞ്ഞാടേ

കർത്താവേ ഞങ്ങളെ അനുഗ്രഹിക്കേണമേ

**(അല്ലെങ്കിൽ ഗാനം)**

കർത്താവേ കനിയണമേ
മിശിഹായേ കനിയണമേ
കർത്താവേ ഞങ്ങളണയ്ക്കും
പ്രാർത്ഥന സദയം കേൾക്കണമേ

സ്വർഗ്ഗപിതാവാം സകലേശാ
ദിവ്യാനുഗ്രഹമേകണമേ
നരരക്ഷകനാം മിശിഹായെ
ദിവ്യാനുഗ്രഹമേകണമേ

ദൈവാത്മാവാം സകലേശാ
ദിവ്യാനുഗ്രഹമേകണമേ
പരിപാവനമാം ത്രിത്വമേ
ദിവ്യാനുഗ്രഹമേകണമേ

കേരളസഭയുടെ മണിമുത്തേ
ചാവറയച്ചാ ധന്യാത്മാ
കുടുംബജീവിതപാലകനേ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

കർമ്മലസഭയുടെ ദീപശിഖേ
വൈദികജീവിതമാതൃകയേ
പുണ്യതപോധന ധീരാത്മാ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

അദ്ധ്വാനത്തിൻ ദീപികയേ
അനുസരണത്തിൻ മാതൃകയേ
ദാരിദ്ര്യത്തിൻ വിളനിലമേ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

വിജ്ഞാനത്തിൻ വിളനിലമേ
ആശ്വാസത്തിൻ തുറമുഖമേ
പുണ്യപുരോഹിതശ്രേഷ്ഠാത്മാ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

പതിതർക്കവനിയിലാശ്വാസം
പകരാൻ ഭവനം നിർമ്മിച്ച
പാവങ്ങൾക്ക് പ്രിയങ്കരനേ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

അൽഫോൻസായുടെ ദീനത്തെ
അത്ഭുതമായ് ശമിപ്പിച്ച

ധന്യാത്മാവാം വന്ദ്യഗുരോ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

കന്യാമണികൾക്കുന്നതമാം
സന്യാസത്തിൻ വഴിതന്ന
ധന്യതപോധന ധീരാത്മാ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

തിരുക്കുടുംബം മാതൃകയായ്
എടുത്തുകാട്ടിയ പുണ്യാത്മാ
അർപ്പണജീവിതമാതൃകയേ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

കവിതകളിൽ തിരുവചനത്തിൽ
കനകവെളിച്ചം തെളിയിച്ച
കർമ്മോത്സുകനാം പുണ്യാത്മാ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായ്

കന്യാകാംബികയുടെ കാൽത്തളിരിൽ
കവിയും മുദമൊടു വാണവനേ
കർമ്മെലസഭയുടെ പാലകനേ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

ആധികൾ-ജീവിതവ്യാധികളിൽ
അഴലുകൾ തിങ്ങും താഴ്വരയിൽ
കേഴുന്നു സുതർ പുണ്യാത്മാ
പ്രാർത്ഥിക്കണമെ ഞങ്ങൾക്കായ്

ലോകത്തിൻ പാപങ്ങൾ നീക്കും
ദൈവത്തിൻ മേഷമേ നാഥാ
പാപം പൊറുക്കേണമേ

ലോകത്തിൻ പാപങ്ങൾ നീക്കും
ദൈവത്തിൻ മേഷമേ നാഥാ
പ്രാർത്ഥന കേൾക്കേണമേ

ലോകത്തിൻ പാപങ്ങൾ നീക്കും
ദൈവത്തിൻ മേഷമേ നാഥാ
ഞങ്ങളിൽ കനിയേണമേ

## സമാപന പ്രാർത്ഥന

സർവ്വശക്തനായ ദൈവമേ, വിശുദ്ധ കുര്യാക്കോസ് ഏലിയാസ് അങ്ങേ സന്നിധിയിൽ നിർമ്മലനായി ജീവിക്കുകയും നിരന്തരമായ ദൈവസാന്നിദ്ധ്യ സ്മരണയാലും പ്രാർത്ഥനയാലും തിരുസഭാ ശുശ്രൂഷകളാലും അങ്ങേക്ക് പ്രിയങ്കരനായിതീരുകയും ചെയ്തുവല്ലോ. ആപുണ്യപിതാവിന്റെ മദ്ധ്യസ്ഥതയിൽ ആശ്രയിക്കുന്ന ഞങ്ങളെ കാരുണ്യപൂർവ്വം കടാക്ഷിക്കണമെ. കർത്താവേ, രോഗികളെ സുഖപ്പെടുത്തണമേ, ദുഃഖിതരെ ആശ്വസിപ്പിക്കണമേ, കുടുംബങ്ങളിൽ സമാധാനം നിലനിറുത്തണമേ, മക്കളില്ലാത്ത ദമ്പതിമാരെ

സന്താനഭാഗ്യം നൽകി അനുഗ്രഹിക്കണമേ, വിദ്യാർത്ഥികൾക്ക് അറിവിന്റെ ദാനങ്ങൾ നൽകണമേ, സാമ്പത്തികപരാധീനതയാലും വിവിധങ്ങളായ ജീവിത ക്ലേശങ്ങളാലും വിഷമിക്കുന്നവർക്ക് ആശ്വാസം പ്രദാനം ചെയ്യണമേ. വൈദികരെയും സന്യസ്തരെയും വിശുദ്ധിയിൽ സംരക്ഷിക്കണമേ. തിരുസഭാ ശുശ്രൂഷക്കായി ധാരാളം മക്കളെ ഞങ്ങളുടെ കുടുംബങ്ങളിൽ നിന്നു വിളിക്കണമേ. വിശുദ്ധ കുര്യാക്കോസ് ഏലിയാസിന്റെ പുണ്യയോഗ്യതകളാൽ ഞങ്ങളുടെ യാചനകൾ സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും. ആമ്മേൻ.

## സമാപനാശീർവാദം

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ ഇപ്പോഴും എപ്പോഴും + എന്നേക്കും. ആമ്മേൻ.

# സമാപനഗാനം

പുണ്യധീരനാം കുര്യാക്കോസിനെ
ധന്യനാക്കിയ ദൈവമേ
നന്ദിയോടങ്ങേ ദിവ്യപാദങ്ങൾ
കുമ്പിടുന്നു വിനീതരായ്

ധന്യപാദന്റെയാശ്രയം തേടി
വന്നിടുന്നോരീ ദാസരിൽ
ദിവ്യദാനങ്ങൾ ചിന്തീടേണമേ
നവ്യചൈതന്യം തൂകണേ

കണ്ണുനീരിൽ നനഞ്ഞു നീങ്ങുന്ന
ജീവിതം നിറകാഴ്ചയായ്
നല്കിടുന്നു നിൻ ദാസനെയോർത്തെൻ
ദൈവമേ വരമേകണേ

*******

# കുടുംബഭദ്രതയ്ക്ക് വേണ്ടി വിശുദ്ധ ചാവറയച്ചന്റെ പ്രവാചക വചനങ്ങൾ

1. നല്ലക്രിസ്ത്യാനി കുടുംബം ആകാശമോക്ഷത്തിന്റെ സാദൃശ്യമാകുന്നു. കുടുംബം എന്നാൽ, രക്തത്താലും, സ്നേഹത്താലും ബന്ധപ്പെട്ടവർ കാരണവൻമാരോടു ബഹുമാനവും വിധേയത്വവും പുലർത്തി, തമ്പുരാനോടും മനുഷ്യരോടും സമാധാനത്തിൽ വർത്തിച്ച് അവരവരുടെ അന്തസ്സിനനുസരിച്ച് നിത്യരക്ഷ പ്രാപിക്കുന്നതിന് പ്രയത്നം ചെയ്ത് ഒരുമിച്ച് ജീവിക്കുന്നതാകുന്നു.
2. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ ലോകജീവിതത്തിൽ ദുഃഖങ്ങളിൽ ആശ്വാസവും സമാധാനവും നല്കുന്നത് പരസ്പര സ്നേഹവും ക്രമവും ഉള്ള കുടുംബത്തിൽ ജീവിക്കുന്നതാകുന്നു.
3. സമാധാനവും നിഷ്ഠയും ഇല്ലാത്തതും, ദൈവശുശ്രൂഷ ചെയ്യുന്നതിലും നിത്യരക്ഷനേടുന്നതിലും താത്പര്യം ഇല്ലാത്തതും ആയ കുടുംബത്തിൽ ജീവിക്കുന്നത് ഏറ്റവും വലിയ ദുരിതമാകുന്നു.
4. നിങ്ങൾ പരസ്പരം സ്നേഹത്തിൽ ജീവിക്കുവിൻ, കുറ്റങ്ങളും കുറവുകളും പരസ്പരം ക്ഷമിക്കുവിൻ. ഇങ്ങനെ ചെയ്താൽ ഈ ലോകത്തിൽ സമാധാനവും പരലോകത്തിൽ നിത്യഭാഗ്യവും നിങ്ങൾ അനുഭവിക്കും.
5. സർക്കാർ വഴക്കുകൾ കുടുംബങ്ങളെ നശിപ്പിക്കുന്നു. എത്ര ന്യായമുള്ള കാര്യങ്ങളെക്കുറിച്ചാണെങ്കിലും സർക്കാരിൽ കേസ്സിനു പോകാതിരിക്കുകയാണ് നല്ലത്.
6. ധനത്തെപ്രതി ക്രമവും ദൈവഭയവും ഇല്ലാത്ത തറവാടുകളുമായി ബന്ധുത്വം സ്ഥാപിക്കേണ്ട. എന്തെന്നാൽ ഒരു കുടുംബത്തിന് നന്മയും സന്തോഷവും വരുത്തുന്നതു ധനികരായ ബന്ധുക്കളല്ല, ക്രമവും ദൈവഭയം ഉള്ള ബന്ധുക്കളാണ്.
7. ഒരു കുടുംബത്തിന്റെ പ്രധാന സമ്പത്ത് ദൈവഭയവും ഭക്തിയുമാണ്. ഇത്തരം തറവാട് ഈ ലോകത്തിലും പരലോകത്തിലും ദൈവാനുഗ്രഹത്തിന്റെ ഫലം അനുഭവിക്കും. ദൂഷണങ്ങളും ദുർവാക്കുകളും കാർമേഘം പോലെ നല്ല കുടുംബത്തിന്റെ വെളിച്ചത്തെ ഇരുട്ടാക്കുന്നു.

8. ഭക്തിയെ വർദ്ധിപ്പിക്കുന്ന ജ്ഞാനപുസ്തകങ്ങളും തത്വശാസ്ത്രഗ്രന്ഥങ്ങളും മക്കൾക്കുവേണ്ടി സമ്പാദിച്ചുവയ്ക്കേണ്ട നിക്ഷേപങ്ങളാകുന്നു. ചീത്തപുസ്തകങ്ങൾ വീട്ടിൽ വച്ച് സൂക്ഷിക്കുന്നത് വയ്ക്കോലിൽ തീ ഒളിച്ചു വയ്ക്കുന്നതിനു തുല്യമാകുന്നു.

9. മാതാപിതാക്കളെ, മക്കളെ വളർത്തുന്ന കാര്യം നിങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട കടമയും ഉത്തരവാദിത്വമാണെന്ന് നന്നായി അറിഞ്ഞുകൊള്ളുവിൻ. നിങ്ങളാൽ സൂക്ഷിക്കപ്പെടുന്നതിനായ് സർവ്വേശ്വരൻ തമ്പുരാൻ നിങ്ങളുടെ കയ്യിൽ തന്നിരിക്കുന്ന നിക്ഷേപങ്ങളാണ് മക്കൾ. തന്റെ തിരുരക്തത്താൽ വിശുദ്ധികരിക്കുന്നതിനും, ദൈവശുശ്രൂഷികളാക്കുന്നതിനും, വിധിദിവസത്തിൽ തിരിച്ചേൽപ്പിക്കുന്നതിനുമായി, ഈശോമിശിഹാ നിങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ആത്മാവുകളാണ് മക്കൾ.

10. നിങ്ങളുടെ വാർദ്ധക്യത്തിൽ നിങ്ങളെ സംരക്ഷിക്കുവാനും ആശ്വസിപ്പിക്കുവാനും നല്ല മക്കൾ നിങ്ങൾക്കുണ്ടാകണമെങ്കിൽ അവരുടെ ചെറുപ്രായത്തിൽ അവരെ നല്ല ക്രിസ്ത്യാനികളാക്കി വളർത്തുവിൻ.

11. അമ്മമാർ തങ്ങളുടെ ഉണ്ണികളെ കൂടെ കൂടെ തമ്പുരാന് കാഴ്ച വയ്കുകയും, അവരെ ഈശോ മറിയം ഔസേപ്പിന്റെ മധ്യസ്ഥതയിൽ ഏല്പിക്കുകയും, അവർക്കുവേണ്ടി നിരന്തരം അപേക്ഷിക്കുകയും വേണം. അമ്മയുടെ അപേക്ഷ ഉണ്ണിയുടെ അപേക്ഷയായി ദൈവം കൈകൊള്ളും.

12. കുഞ്ഞുങ്ങൾ സംസാരിക്കാൻ തുടങ്ങുമ്പോൾ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നന്മനിറഞ്ഞ മറിയമേ മുതലായ പ്രാർത്ഥനകളും സുകൃതജപങ്ങളും അവരെ പഠിപ്പിക്കുക. ശരീരത്തിനുവേണ്ട ആഹാരത്തോടൊപ്പം, ഈ ആത്മീയ ഭക്ഷണവും അവർക്ക് കൊടുക്കുന്നത് നല്ലതാണ്.

13. മക്കളോടു കാണിക്കുന്ന അധികകാർക്കശ്യവും അധിക ഭയവും രണ്ടും തിന്മയാകുന്നു.അതിവാത്സല്യം അഹങ്കാരം ജനിപ്പിക്കുന്നു. അധികകോപവും ശിക്ഷയുമാകട്ടെ നാണമില്ലായ്മയും, ബുദ്ധിമാന്ദ്യവും, ശരണക്കേടും കുട്ടികളിൽ വരുത്തും.

14. മാതാപിതാക്കൾ പരസ്പര ബഹുമാനവും, സ്നേഹവും, വണക്കവും കാണിക്കുന്നില്ലെങ്കിൽ മക്കളും അവരെ ബഹുമാനിക്കുകയില്ല.

15. മക്കൾക്ക് ജീവിതാന്തസ്സ് തിരഞ്ഞെടുക്കേണ്ട പ്രായം വരുമ്പോൾ അവർക്ക് അതിൽ പൂർണ്ണ സ്വാതന്ത്ര്യം അനുവദിക്കണം.എന്തുകൊണ്ടെന്നാൽ അവരുടെ അന്തസ്സ് നിശ്ചയിക്കുന്നത് ദൈവത്തിന്റെയും, അത് തിരഞ്ഞെടുക്കുന്നത് അവരുടെയും കാര്യമാകുന്നു. അത് കാരണവന്മാർക്കുള്ളതല്ല.

16. മാതാപിതാക്കൾ പ്രായാധിക്യത്തിലെത്തുന്നതിനു മുമ്പു തന്നെ അതായത് അവരുടെ ബോധത്തിന് ബലക്ഷയം വരുന്നതിനു മുമ്പു തന്നെ അവരുടെ വസ്തുക്കൾ ഭാഗം ചെയ്തു കൊടുക്കുക. അല്ലെങ്കിൽ അവരുടെ മരണശേഷം മക്കൾ തമ്മിലുണ്ടാകുന്ന വഴക്ക്, തർക്കം മുതലായ പാപങ്ങൾക്ക് മാതാപിതാക്കൾ ഉത്തരവാദികളാകും.

17. കുട്ടികളെ സ്കൂളിൽ അയച്ചാൽ മാത്രം പോരാ അവർ പഠിക്കുന്നുണ്ടോ എന്നും എങ്ങനെയുള്ള കൂട്ടുകൂടി നടക്കുന്നുവെന്നും അന്വേഷിക്കണം. ഞായറാഴ്ച തോറും അവർ പഠിച്ചതിനെ പരിശോധിക്കയും വേണം.

18. വൈകീട്ട് ത്രികാലജപം കഴിഞ്ഞാലുടൻ കുടുംബപ്രാർത്ഥന കൂട്ടമായിട്ട് നടത്തുക. ഈ സമയത്ത് എത്ര വലിയ വിശിഷ്ടാതിഥികളോ പ്രധാനികളോ ഉണ്ടായിരുന്നാലും പ്രാർത്ഥന മുടക്കരുത്, കൃത്യസമയത്തു തന്നെ അതു നടത്തുകയും വേണം.

19. വേലക്കാർക്ക് ന്യായമായ കൂലി കൊടുക്കാതിരിക്കുകയോ താമസിപ്പിക്കുകയോ ചെയ്യരുത്. എന്തെന്നാൽ ഇത് ദൈവത്തിന്റെ പക്കൽ നിലവിളിക്കുന്ന പാപമാകുന്നു.

20. പാവപ്പെട്ടവരെ നിന്ദിക്കരുത്. അവരെ ബുദ്ധിമുട്ടിപ്പിക്കുകയുമരുത് എന്തെന്നാൽ ദൈവം അവരുടെ കണ്ണുനീർ കണ്ടാൽ തീർച്ചയായും നിന്നോട് പകരം ചോദിക്കും.

21. അന്യന് ഉപകാരം ചെയ്യാത്ത ദിവസം നിന്റെ ആയുസ്സിന്റെ ദിവസങ്ങളുടെ കണക്കിൽ ചേർക്കില്ല.

22. നിന്റെ അന്തസ്സിനു ചേർന്ന വിധത്തിൽ ജോലി ചെയ്യുക.ജോലി ചെയ്യാതിരിക്കുന്നത് മാന്യതയുള്ളവരുടെ രീതിയല്ല. മടി സർവ്വ ദുർഗുണങ്ങളുടേയും മാതാവാകുന്നു. പ്രത്യേകിച്ച് മദ്യപാനത്തിന്റെ പിതാവാകുന്നു. മദ്യപാനം ലോകത്തിനു മുമ്പിൽ വലിയ അപമാനവും തമ്പുരാന്റെ മുമ്പിൽ വലിയ പാപവുമകുന്നു.

23. നീരസങ്ങളെക്കുറിച്ച് പകരം വീട്ടാൻ മൃഗങ്ങൾക്കുപോലും സാധി

ക്കും. എന്നാൽ അവയെ സാരം വയ്ക്കാതെ ക്ഷമിക്കുന്നത് മഹാശക്തിയും വിവേകമുള്ള വ്യക്തികളുടെ അടയാളവുമാണ്.

24. കടമുള്ള ദിവസങ്ങളിൽ വി.കുർബാനയിൽ പങ്കെടുക്കുന്നത് കൂടാതെ, നല്ല പ്രസംഗങ്ങൾ കേൾക്കുക, നല്ല പുസ്തകങ്ങൾ വായിക്കുക. രോഗികളെ പ്രത്യേകിച്ച് പാവപ്പെട്ടവരെ ചെന്ന് കണ്ട് ശുശ്രൂഷ ചെയ്യുക മുതലായ പരോപകാര പ്രവൃത്തികൾ ചെയ്യുക.

25. കൊച്ചുകുഞ്ഞുങ്ങൾക്ക് മനസ്സിലാകയില്ല എന്നു കരുതി അവരുടെ മുമ്പിൽ വച്ച് ചീത്ത സംസാരങ്ങളും പരദൂഷണങ്ങളും അരുത്.

26. ധാരാളിത്വവും പിശുക്കും രണ്ടു തിന്മയാകുന്നു.പിശുക്കന്റെ വസ്തു പുഴു തിന്നും. ധാരാളിയുടെ സന്തോഷം പുകപോലെ കടന്നു പോകും.

27. നിനക്ക് സ്നേഹിതന്മാർ അധികം വേണ്ട. ആയിരം പേരിൽ നിന്ന് ഒരാളെ തിരഞ്ഞെടുക്കുക.തമ്പുരാനെ സ്നേഹിക്കാത്തവൻ സത്യമായും നിന്നെയും സ്നേഹിക്കുകയില്ലെന്ന് ഓർത്തുകൊള്ളുക.

28. നീ സമ്പന്നനാണെങ്കിൽ അത് കൊട്ടിഘോഷിക്കരുത്. വിവാഹം മുതലായ ആഘോഷങ്ങളിൽ സ്വന്തം സ്വത്തിനും പ്രാപ്തിക്കും അധികമായി ചെലവു ചെയ്യരുത്. ഒരു വലിയ വെട്ടം കാട്ടി ആളിക്കത്തി പെട്ടെന്ന് കെട്ടുപോകുന്ന ഒരു വൈക്കോൽ തുറുവിന്റെ തീയേക്കാൾ നല്ലത് ഒരു ചെറിയ വിളക്കിന്റെ നില നിൽക്കുന്ന വെളിച്ചമാണല്ലോ.

29. പ്രത്യേകമായ ആവശ്യങ്ങൾക്കല്ലാതെ പണം വായ്പ വാങ്ങിക്കരുത്. മുമ്പ് വാങ്ങിച്ചിട്ടുണ്ടെങ്കിൽ വേഗം തിരിച്ചുകൊടുക്കാൻ ഉത്സാഹിക്കണം. എന്നാൽ കാരണവന്മാർക്ക് വല്ല കുർബാന കടങ്ങളോ ഉത്തരിപ്പ് കടങ്ങളോ ഉണ്ടെങ്കിൽ അവ വലിയ താത്പര്യത്തോടെ തീർക്കുക.

30. സൂത്രം കൊണ്ടും കളവുകൊണ്ടും ഉണ്ടാക്കപ്പെട്ട സമ്പത്ത് മഞ്ഞുപോലെ വേഗം അലിഞ്ഞുപോകും.

31. ഒരു വീട്ടിൽ നിന്ന് എല്ലാവർക്കും കുർബാനയിൽ സംബന്ധിക്കാൻ സാധിക്കുന്നില്ലെങ്കിൽ ദിവസവും ഒന്നോ രണ്ടോ പേരെങ്കിലും മാറി മാറി കുർബാനയ്ക്കു പോകേണ്ടതാകുന്നു.

## വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവിനോടുള്ള പ്രാർത്ഥന

സ്നേഹം നിറഞ്ഞ ഈശോയേ അവിടുത്തെ മഹത്വപ്പെടുത്തുവാനും ദൈവജനത്തെ പ്രചോദിപ്പിക്കുവാനും വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിനെ മാതൃകയായി നൽകിയതിനു ഞങ്ങൾ അങ്ങേക്ക് നന്ദിപറയുന്നു. ആ പുണ്യപിതാവിന്റെ ജീവിത മാതൃക അനുസരിച്ച് വിശ്വാസം, ശരണം, സ്നേഹം എന്നീ പുണ്യങ്ങളുടെ വിളനിലമായി വളരുവാനും പാപസാഹചര്യങ്ങളെ വിട്ടകന്നു ജീവിക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെ. സ്വയവിശുദ്ധീകരണത്തിനും ആത്മാക്കളുടെ രക്ഷക്കും വേണ്ടി ജീവിച്ചുകൊണ്ട് കുടുംബങ്ങളുടെ വഴികാട്ടിയും വൈദികരുടെയും സന്യസ്തരുടെയും മാതൃകയുമായി പരിലസിച്ച വിശുദ്ധ ചാവറ പിതാവേ, ഞങ്ങളുടെ ജീവിതാന്തസ്സിനനുസരിച്ച് ദൈവത്തെ മഹത്വപ്പെടുത്തുവാൻ ഞങ്ങളെ സഹായിക്കേണമെ. ഞങ്ങളുടെ ജീവിതത്തിൽ ഉണ്ടാകുന്ന സഹനങ്ങളെ കർത്താവിന്റെ കുരിശിനോടുചേർത്ത് സ്വീകരിക്കുവാനുള്ള മനസ്സും ഞങ്ങൾക്കിപ്പോൾ ആവശ്യമായിരിക്കുന്ന പ്രത്യേക അനുഗ്രഹവും...... തിരുക്കുടുംബത്തിന്റെ പ്രത്യേക മദ്ധ്യസ്ഥനായ ചാവറ പിതാവേ, ഞങ്ങൾക്കു ലഭിക്കുവാൻ ഇടയാക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ.

## കുടുംബങ്ങൾക്കുവേണ്ടി ചാവറപിതാവിനോട് പ്രാർത്ഥന

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവമേ, ദൈവികജീവനിൽ വളരുന്നതിലും അങ്ങയെ മഹത്വപ്പെടുത്തുന്നതിലും മാതൃകയായി വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസിനെ ഞങ്ങൾക്ക് നൽകിയതിന് ഞങ്ങൾ നന്ദി പറയുന്നു.

തിരുക്കുടുംബ ഭക്തനായ ചാവറപിതാവേ, ഞങ്ങളുടെ കുടുംബങ്ങൾക്കുവേണ്ടി പ്രത്യേകം മാദ്ധ്യസ്ഥ്യം വഹിക്കേണമേ. അങ്ങയെപ്പോലെ ദൈവവിശ്വാസത്തിലും വിശുദ്ധിയിലും ഞങ്ങൾ വളരുവാനും, സ്നേഹത്തിലും ഐക്യത്തിലും നിലനിൽക്കുവാനും ഞങ്ങളെ സഹായിക്കേണമെ. ജീവിതക്ലേശങ്ങളെ അതിജീവിക്കുവാനുള്ള ശക്തിയും മനസ്സിനും ശരീരത്തിനും ആരോഗ്യവും പ്രദാനം ചെയ്യണമെ. അനുദിനം ദൈവതിരുമനസ്സു മാത്രം അന്വേഷിക്കുവാനും, ഉള്ളതു വർദ്ധിപ്പിച്ച് സംതൃപ്തിയോടെ ജീവിക്കുവാനും ഞങ്ങളെ പഠിപ്പിക്കേണമെ. ഞങ്ങളുടെ കുടുംബങ്ങളിലെ ഓരോ അംഗത്തിന്റെയും വ്യത്യസ്ഥമായ ആവശ്യങ്ങളെ ദൈവസന്നിധിയിൽ സമർപ്പിച്ച് അനുഗ്രഹങ്ങൾ വാങ്ങിത്തരണമെ. ഞങ്ങളുടെ കുടുംബങ്ങളിൽ നിന്ന് പൗരോഹിത്യത്തിലേക്കും, സന്യാസത്തിലേക്കും ധാരാളം ദൈവവിളികളും ഞങ്ങൾക്കാവശ്യമായ ഈ പ്രത്യേക അനുഗ്രഹവും...... ഈശോയിൽ നിന്ന് ഞങ്ങൾക്കു വാങ്ങിത്തരേണമേ. ആമ്മേൻ

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ

## പഠന വിജയത്തിനുവേണ്ടി
## വിദ്യാർത്ഥികളുടെ പ്രാർത്ഥന

എല്ലാ ജ്ഞാനത്തിന്റെയും ഉറവിടമായ ദൈവമേ, എന്നെ അങ്ങേയ്ക്കു സമർപ്പിക്കുന്നു. അങ്ങ് എന്റെ ബുദ്ധിയെ പ്രകാശിപ്പിക്കണമേ, എന്റെ ഓർമ്മശക്തിയെ വർദ്ധിപ്പിക്കണമെ, പഠനത്തിൽ എനിക്ക് കൂടുതൽ ഏകാഗ്രത നൽകണമേ, പഠനത്തിലുള്ള എന്റെ തടസ്സങ്ങളെയും, വ്യഗ്രതകളെയും, ഭയത്തെയും അകറ്റി ആത്മവിശ്വാസത്തോടും ധൈര്യത്തോടും കൂടി പഠിക്കുവാനും നല്ല വിജയം നേടുവാനും എന്നെ അനുഗ്രഹിക്കണമേ. എന്നെയും എന്റെ വിദ്യാലയത്തെയും, അദ്ധ്യാപകരെയും കൂട്ടുകാരെയും, മാതാപിതാക്കളെയും സഹോദരങ്ങളെയും എപ്പോഴും സംരക്ഷിച്ചു പരിപാലിക്കണമേ.

വിദ്യാഭ്യാസം സർവ്വസാധാരണമല്ലാതിരുന്ന കാലത്ത് ഞങ്ങളുടെ പൂർവ്വികർക്ക് വിദ്യ നൽകാൻ ശ്രമിച്ചവനും, വിദ്യാർത്ഥികളുടെ സ്നേഹിതനും പ്രാർത്ഥനയിലുടെയും പ്രവർത്തനങ്ങളിലുടെയും ദൈവത്തിനും മനുഷ്യർക്കും പ്രിയങ്കരനുമായിരുന്ന വിശുദ്ധ ചാവറപ്പിതാവേ, ദൈവസിധിയിലുള്ള അങ്ങയുടെ മാദ്ധ്യസ്ഥ്യംവഴി എന്റെ എല്ലാ ആവശ്യങ്ങളും പ്രത്യേകമായി ഈ അനുഗ്രഹവും....... ദൈവത്തോടപേക്ഷിച്ചു എനിക്കു വാങ്ങിത്തരണമേ. ആമ്മേൻ.

1 സ്വർഗ്ഗ. 1 നന്മ. 1 ത്രിത്വ